# രൂപവൽക്കരിച്ചു

അമ്പലപ്പുഴ: അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിനെ ലഹരി മുക്തഗ്രാമമാക്കുന്നതിന്റെ ഭാഗമായി 14-ാം വാർഡിൽ അക്ഷയ– വിമുക്തി ക്ലബ് രൂപവൽക്കരിച്ചു. ജില്ലാ ഇൻഫർമാറ്റിക് ഓഫിസർ പി. പാർവതിദേവി ബോധവൽക്കരണ ക്ലാസ് നയിച്ചു. ഗ്രാമപഞ്ചായത്ത് അംഗം അനിതസതീശൻ അധ്യക്ഷത വഹിച്ചു.

വളഞ്ഞവഴി എസ്എൻ കവല അക്ഷയ സംരംഭകൻ ഐ. ഷെഫീക് പ്രസംഗിച്ചു. ലഹരിവിരുദ്ധ ദിനമായ 26ന് 11ന് മെഴുകുതിരി തെളിച്ച് മനുഷ്യച്ചങ്ങല സംഘടിപ്പിക്കാനും തീരുമാനിച്ചു.

ക്ലബിന്റെ പ്രവർത്തനം മറ്റ് വാർഡുകളിലേക്കും വ്യാപിപ്പിച്ച് ബോധവൽക്കരണ പ്രവർത്തനം നടത്തും. ഭാരവാഹികളായി ജയലക്ഷ്മി(പ്രസി:) വി. ബിൻസി രാജ്(സെക്രട്ടറി) രാഹുൽ എസ്. (ട്രഷറർ) എന്നിവരെ തെരഞ്ഞെടുത്തു.

# ശീതളപാനീയങ്ങൾ: ഉത്തരവ് പുന:പരിശോധിക്കണം